(ബി) പാഠപുസ്തക വിതരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ വിതരണം ഏപ്രിൽ മാസം 10-ാം തീയതി മുതൽ തുടങ്ങികഴിഞ്ഞു. ജൂൺ മാസം അവസാനത്തോടുകൂടി എല്ലാ പാഠ പുസ്തകങ്ങളുടേയും വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവിധ പ്രസ്സുകളിലായി അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ തിരുവനന്തപുരം, എറണാകുളം, ഷെർണ്ണൂർ എന്നിവടങ്ങളിലെ കേന്ദ്ര പാഠപുസ്തകസ്റ്റോറുകളിൽ ശേഖരിക്കുകയും അവിടെ നിന്നും വിദ്യാഭ്യാസ ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന ജില്ലാ പാഠപുസ്തക ഡിപ്പോകൾ വഴി സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. സ്കൂൾ സൊസൈറ്റികളിൽ നിന്ന് വിദ്യാർത്ഥികൾക്ക് പാഠപുസ്തകം വിതരണം ചെയ്യുന്നു.

**പാഠപുസ്തകങ്ങളുടെ വില**

**28(428)** ശ്രീമതി റോസമ്മ ചാക്കോ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ സ്കൂൾ പാഠപുസ്തകങ്ങളുടെ വില നിശ്ചയിച്ചുവോ ;

(ബി) എങ്കിൽ പാഠപുസ്തകങ്ങളുടെ വില കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(സി) ഈ വർഷം പാഠപുസ്തകങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം ;

(ഡി) മുൻവർഷം പാഠപുസ്തകം ലാഭത്തിലാണോ നഷ്ടത്തിലാണോ വിറ്റത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ വർഷം പാഠപുസ്തകത്തിന് വില വർദ്ധിപ്പിക്കുവാനുള്ള കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നിശ്ചയിച്ചു.

(ബി) പാഠപുസ്തകങ്ങളുടെ വില കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം പാഠപുസ്തകങ്ങൾക്ക് പത്തുശതമാനം വില വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ലാഭനഷ്ടങ്ങൾ നോക്കിയല്ല പാഠപുസ്തകത്തിന് വില നിശ്ചയിക്കുന്നത്.

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനാവശ്യമായ പേപ്പറിന്റെ വില വർദ്ധനവും വിതരണ ചെലവുകളിലുണ്ടായ വർദ്ധനവും മൂലമാണ് ഈ വർഷം പാഠപുസ്തകങ്ങളുടെ വില വർദ്ധിപ്പിക്കേണ്ടി വന്നത്.

**അൺഎക്കണൈസ്ഡ് സ്കൂളുകൾ നിർത്തലാക്കിയ നടപടി**

**29(429)** ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയിഡഡ് അൺഎക്കണൈസ്ഡ് സ്കൂളുകൾ നിർത്തലാക്കിയതിനെ തുടർന്ന് പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സർക്കാർ എയിഡഡ് സ്കൂളുകളിലേയ്ക്ക് മാറ്റണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

(ബി) ഈ ഉത്തരവ് അനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ-എയിഡഡ് സ്കൂളുകളിൽ പ്രവേശനം നൽകണമായിരുന്നു ;

(സി) ഇതിനുവേണ്ടി കെട്ടിടവും മറ്റുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയതിന് ശേഷമാണോ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഉത്തരവ് അനുസരിച്ച് പുതിയതായി ഈ അദ്ധ്യായന വർഷം എത്ര പുതിയ അനദ്ധ്യാപക-അദ്ധ്യാപക തസ്തികകൾ ഉണ്ടാകുമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിനായി സർക്കാരിന് പ്രതിവർഷം എന്ത് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അൺഎയിഡഡ് അൺഎക്കണൈസ്ഡ് സ്കൂളുകളുടെ വ്യാപനം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ചില നടപടികൾ സ്വീകരിച്ചു. അൺഎയിഡഡ് അൺഎക്കണൈസ്ഡ് സ്കൂളുകളിൽ പഠിച്ചിരുന്ന കുട്ടികളെ എലിജിബിലിറ്റി ടെസ്റ്റിനു വിധേയരാക്കാതെ അവരുടെ വയസ്സു മാത്രം മാനദണ്ഡമാക്കി ഏതെങ്കിലും സർക്കാർ/ എയിഡഡ് / അൺഎക്കണൈസ്ഡ് സ്കൂളുകളിൽ 2000-2001 അദ്ധ്യായന വർഷം 2,3,4 ക്ലാസുകളിൽ ചേർന്നു പഠിക്കാനനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകിയിരുന്നു തുടർന്ന്, രക്ഷിതാക്കൾ താൽപ്പര്യപ്പെട്ടതുപ്രകാരം,

LIBRARY ARCHIVES Kerala Legislative Assembly